**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 563** | **10-11-2021 - ൽ മറുപടിയ്ക്ക്**

**ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ മുഖേനയുള്ള ചരക്ക് കൈകാര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചരക്ക് കൈകാര്യം ചെയ്യുന്നതിന് സംവിധാനമുള്ള ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ ഏതൊക്കെയാണ്; ഇവയുടെ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള പ്രതിവർഷ ശേഷിയും ഉപയോഗവും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിച്ച് ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ചരക്ക് കൈകാര്യം ചെയ്യുന്ന സംവിധാനമുള്ള ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ കൊല്ലം, ബേപ്പൂർ എന്നിവയാണ്. ഇവയുടെ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള പ്രതിവർഷ ശേഷിയും ഉപയോഗവും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നുണ്ട്. ആയത് പരിഹരിച്ച് ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കൊല്ലം 1. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ ആദ്യഘട്ടമായ 101 മീറ്ററിന്റെ നിർമ്മാണം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ബർത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 74 മീറ്റർ വാർഫ് എക്സ്റ്റൻഷന്റെ ഡ്രാഫ്റ്റ് ഡി.പി.ആർ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2. വലിയ കപ്പലുകളെ ആകർഷിക്കുന്നതിനായി ആഴം 10-12 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 3. കൊല്ലം തുറമുഖത്ത് റോഡ് / റെയിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഡി.പി.ആർ / ടി.എഫ്.ആർ തയ്യാറാക്കുന്നതിന് IPRCL എന്ന കേന്ദ്ര ഏജൻസിയുമായി എഗ്രിമെന്റ് ഒപ്പുവച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 4. കൊല്ലം തുറമുഖം ദേശീയ പാത 47 –മായി ബന്ധിപ്പിക്കുന്നതിന് 1.12 കിലോമീറ്റർ നീളമുള്ള കൊല്ലം – കൊച്ചു പിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 5. കൊല്ലം തുറമുഖത്ത് 40 ടൺ കണ്ടൈനർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ , ഫോർക്ക് ലിഫ്റ്റ്, വെയിംഗ് മെഷീൻ, വി.ടി.എം.എസ് തുടങ്ങിയ ഉപകരണങ്ങളും ഇ.ഡി.ഐ സൗകര്യങ്ങളും എം.ടി മലബാർ എന്ന ടഗ്ഗിന്റെ സേവനവും |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ ബേപ്പൂർ തുറമുഖത്ത് കപ്പൽ ചാനലിന്റെ ആഴം നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള വാർഫിന്റെ പടിഞ്ഞാറുഭാഗത്ത് 150 മീറ്റർ നീളത്തിലും കിഴക്ക് ഭാഗത്ത് 200 മീറ്റർ നീളത്തിലുമുള്ള വാർഫുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വലിയ കപ്പലുകൾ അടുപ്പിക്കുന്നതിനായി ബേപ്പൂർ തുറമുഖത്ത് ചാനലിന്റെ ആഴം 7 മീറ്ററായി വർദ്ധിപ്പിക്കുന്നതിനായി ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. പുതുതായി അക്വയർ ചെയ്ത കോവിലകം ഭൂമിയിൽ കണ്ടെയ്നർ സ്റ്റാക്കിംഗ് യാർഡ്, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് റോഡ് / റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് ഐ.പി.ആർ.സി.എൽ എന്ന കേന്ദ്ര ഏജൻസി സമർപ്പിച്ച ഡി.പി.ആർ / ടി.എഫ്.ആർ (ഡ്രാഫ്റ്റ്) പരിശോധനയിലാണ്. ഇതു സംബന്ധിച്ച് സാഗർമാല സ്കീം വഴി ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് 40 അടി കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, 4 ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം.എസ് സൗകര്യങ്ങളും എം.ടി കേരളം, എം.ടി.ചാലിയർ, എം.ടി സാമൂതിരി തുടങ്ങിയ ടഗ്ഗുകളുടെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ സമഗ്രവികസനത്തിനായി മാസ്റ്റർ പ്ലാൻ സംബന്ധിച്ച RFP, DPR എന്നിവ തയ്യാറാക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. |
| (ബി) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; തുറമുഖങ്ങളിൽ നിന്നുള്ള വരുമാനത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ടോ; വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | സംസ്ഥാനത്തെ ചെറുകിടതുറമുഖങ്ങളിൽ ഉൾപ്പെട്ടവയാണ് വിഴിഞ്ഞവും അഴീക്കലും. ഈ തുറമുഖങ്ങളിൽ നിന്നുള്ള വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. വിഴിഞ്ഞം വിഴിഞ്ഞം തുറമുഖ എരിയ ഡ്രഡ്ജ് ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സീവേർഡ്, ലീവേർഡ് വാർഫുകളുടെ റെക്റ്റിഫിക്കേഷൻ പ്രവർത്തികൾ നടന്നുവരുന്നു. ഐ.എസ്.പി.എസ് കോഡ് സ്ഥാപിക്കുന്നതിന് ഐ.ആർ.എസ് സർവ്വേ നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്ത് ഫയർഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ച് ഫെസിലിറ്റീസ് ഒരുക്കുന്നതിന് 29 ലക്ഷം രൂപയുടെ പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം പൂർത്തീകരിച്ചുവരുന്നു. അഴീക്കൽ കൂടുതൽ ചരക്ക് നീക്കം തുറമുഖങ്ങൾ വഴി |

| | | | |
|---|---|---|---|
| | | | കേന്ദ്രീകരിക്കുന്നതിനായി അഴീക്കൽ തുറമുഖ ചാനൽ ആഴം കൂട്ടുന്നതിനു ISPS പ്രകാരമുള്ള സുരക്ഷ ക്രമീകരണങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് 2021 ജൂലൈ മാസം മുതൽ കപ്പൽ ഗതാഗതം പുനരാരംഭിക്കുകയും ഇതുവരെ 7 തവണ കപ്പൽ വരികയും ചെയ്തിട്ടുണ്ട്. തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകൾക്ക് ശുദ്ധജലവിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപ അനുവദിച്ചു. തുറമുഖത്ത് കസ്റ്റംസ്, ഇ.ഡി.ഐ, ഇമിഗ്രേഷൻ ചെക്ക് പോയിന്റ് എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു. കപ്പൽ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുകയും റെസ്റ്റ് ഷെഡ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. കൂടാതെ വലിയ കപ്പലുകളെ ആകർഷിക്കുന്നതിന് മെക്കാനിക്കൽ ഡ്രഡ്ജിംഗ് ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി 450 എച്ച്.പി കപ്പാസിറ്റിയുള്ള ഒരു ടഗ്ഗ് കമ്മീഷൻ ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്തെ കസ്റ്റംസ് നോട്ടിഫൈഡ് ഗോഡൗൺ നവീകരിക്കുന്ന തിനും റെസ്റ്റ് ഷെഡ് നിർമ്മിക്കുന്നതിനുമായി യഥാക്രമം 14 ലക്ഷം, 34 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം പൂർത്തീകരിച്ചു വരുന്നു. കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി കൊച്ചി, ബേപ്പൂർ, അഴീക്കൽ, കൊല്ലം കേന്ദ്രീകരിച്ച് കണ്ടെയ്നർ ഷിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. അതുവഴി വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ കണ്ടെയ്നർ ഓപ്പറേഷൻ പ്രോൽസാഹിപ്പിക്കുന്നതിനായി NATPAC – ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേക്ക് കണ്ടെയ്നർ കൊണ്ടു പോകുന്നതിനുള്ള ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ട്. കോസ്റ്റൽ ഷിപ്പിംഗ് പ്രോൽസാഹിപ്പിക്കുന്നതിനായി ഷിപ്പിംഗ് ലൈനേഴ്സിന് നല്കിവരുന്ന ഇൻസെന്റീവിന്റെ മിനിമം 20% ബന്ധപ്പെട്ട Importers/Exporters –ന് നല്കുവാനും ഉത്തരവായിട്ടുണ്ട്. കൂടാതെ ചരക്ക് ലഭ്യത ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത മേഖലയിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡ് മീറ്റുകളും സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ